യഥാസമയം ഉല്പാദനോപാധികൾ ലഭ്യമാക്കുകയും സംയോജിത വളപ്രയോഗം സംയോജിത കീടനിയന്ത്രണം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കുകയും ചെയ്യുന്നു. ഓരോ വികസന ഏജൻസിയുടെയും പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ജില്ലാകളക്ടർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നെൽകൃഷി വികസന ഏജൻസികൾ പദ്ധതികൾ നടപ്പിലാക്കുന്നത് ഈ കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ്.

നെൽകൃഷി ചെയ്യുന്നതിന് വരുന്ന ചെലവ്

77 [2046] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എ. പി. അനിൽകുമാർ:
,, ടി. വി. ചന്ദ്രമോഹൻ:
,, ഇ. എം. അഗസ്തി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി ചെയ്യുന്നതിന് വേണ്ടിവരുന്ന ചെലവ് എത്ര എന്ന് അറിയിക്കാമോ;

(ബി) നെൽകൃഷി നഷ്ടമാകുവാൻ ഉള്ള കാരണമെന്താണ് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഹെക്ടറിന് 20,000 രൂപയ്ക്കുമേൽ ചെലവ് വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

(ബി) മറ്റു വിളകളിൽ നിന്നും ലഭിക്കുന്ന ആദായവുമായി താരതമ്യപ്പെടുത്തുമ്പോൾ നെൽകൃഷിയിൽ നിന്നുള്ള ആദായം കുറവാണെങ്കിലും നെൽകൃഷി ഇപ്പോൾ ലാഭകരമാണ് എന്നാണ് കണക്കാക്കിയിരിക്കുന്നത്.

നെൽകൃഷി സ്ഥലം നികത്തുന്നത് തടയാൻ നടപടി

78 [2047] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ഇ. എം. അഗസ്തി:
,, ജോർജ്ജ് ജെ. മാത്യു:
,, ടി. വി. ചന്ദ്രമോഹൻ:
,, എ. പി. അനിൽകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി കുറയുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ?

(ബി) നെൽകൃഷി സ്ഥലം നികത്തുന്നതോ മറ്റ് കൃഷികൾക്കും ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗിക്കുന്നതോ നിയന്ത്രിക്കാൻ ഉദ്ദേശ്യമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly